# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:863 — 04.03.2020-ലെ മറുപടി

### ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാലാവധി അവസാനിച്ചത് എന്നാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ലോൺ കാലാവധി 27.07.2015 ന് അവസാനിച്ചു. ശേഷിക്കുന്ന പണികൾ ഇപ്പോൾ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജിക്ക പദ്ധതിയിൽ ഉൾപ്പെട്ട മീനാടും കോഴിക്കോടും പദ്ധതികളിലെ വിതരണശൃംഖലകളുടെ ബാക്കി പണികൾ നടന്നുവരുന്നു.<br>മീനാട് പദ്ധതിയുടെ ആദ്യകരാറുകാരൻ പണി ഉപേക്ഷിച്ചു പോയതിനാൽ 2012 ൽ M/s. Tecpro Infra Projects Ltd,Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. എന്നാൽM/s. Tecpro Infra Projects Ltd പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31.07.2017 ൽ അവസാനിപ്പിക്കുകയുണ്ടായി. അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി M/s. Tecpro യുടെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ ഒക്ടോബർ 2018 ൽ M/s.Shibu ZachariaMultitech Services JV ക്ക് 38.99 കോടി രൂപയ്ക്ക് നൽകി. ഇപ്പോൾ പണികൾ നടന്നുവരുന്നു. 2020 ഏപ്രിലിൽ ഇവരുടെ കരാർ അവസാനിക്കും.<br>കോഴിക്കോട് പദ്ധതിയുടെ ആദ്യകരാറുകാരൻ പണി ഉപേക്ഷിച്ചു പോയതിനാൽ 2012 ൽ M/s. Shriram EPC Ltd. എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു.രണ്ട് പാക്കേജുകളിലായി P3R1 –75 കോടി രൂപയ്ക്കും P3R2 – 92.10 കോടി രൂപയ്ക്കും ആണ് കരാർ നൽകിയിട്ടുള്ളത്. പ്രസ്തുത പണികൾ ഇപ്പോൾ നടന്നുവരുന്നു.2020 മാർച്ചിൽ ഇവരുടെ കരാർ അവസാനിക്കും. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിയമിച്ച അധിക ജീവനക്കാർ നിലവിൽ ഏതെല്ലാം ഓഫീസുകളിലാണ് ജോലി ചെയ്യുന്നതെന്നും ഏതെല്ലാം തസ്തികയിലെ എത്ര ജീവനക്കാരാണ് ഇപ്രകാരം ജോലിയിൽ തുടരുന്നത് എന്നും വ്യക്തമാക്കുമോ? | (സി) | ജിക്ക പദ്ധതി പൂർണ്ണതോതിൽ നടന്നു വന്നിരുന്ന സമയത്ത് ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ നൂറോളം ജീവനക്കാർ ചീഫ് എഞ്ചിനീയർ ഓഫീസിലും അഞ്ച് പ്രോജക്ട് മേഖലാ ഓഫീസുകളിലുമായി ജോലി ചെയ്തിരുന്നു. ലോൺ കാലാവധി അവസാനിക്കുകയും പദ്ധതി പൂർത്തീകരണത്തിലേക്കെത്തുകയും ചെയ്ത അവസ്ഥയിൽ പദ്ധതിക്കുവേണ്ടി മാത്രം ഉണ്ടായിരുന്ന ചീഫ് എഞ്ചിനീയറെ, ചീഫ് എഞ്ചിനീയർ (പി&ഒ) ആയി നിയമിച്ച് ജിക്ക പ്രോജക്ടിൽ അവശേഷിക്കുന്ന പണികൾ അധിക ചുമതലയായി മാത്രം നൽകുകയും ചെയ്തു. കൂടാതെ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ 15 ജീവനക്കാരെ മാത്രം നിലനിർത്തുകയും ശേഷിക്കുന്ന ജീവനക്കാരെ വിവിധ ഓഫീസുകളിലേയ്ക്ക് പുനർ വിന്യസിക്കുകയും ചെയ്തു. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ 24x7 കുടിവെള്ള പദ്ധതി ADB ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ, DPR പ്രിപ്പറേഷൻ ഇവയിലേക്കാവശ്യമായി മേൽപ്പറഞ്ഞ 15 ജീവനക്കാരെ കേരള വാട്ടർ അതോറിറ്റി പുനർവിന്യസിക്കുകയുണ്ടായി. അവർക്ക് ജിക്ക പദ്ധതിയുടെ ബാക്കി പണികളുടെ അധിക ചുമതലയും നൽകി. നിലവിൽ ജിക്ക പദ്ധതികൾക്ക് മാത്രമായി ജീവനക്കാർ ആരും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ